# നേപ്പാൾ വിദേശകാര്യ സെക്രട്ടറി ശ്രീമതി സേവ ലംസാലിന്റെ ഇന്ത്യ സന്ദർശനം (2024 ഫെബ്രുവരി 27-മാർച്ച് 1)

ഫെബ്രുവരി 28, 2024

വിദേശകാര്യ സെക്രട്ടറി ശ്രീ. വിനയ് ഖത്ര ഇന്ന് ന്യൂഡൽഹിയിൽ വച്ച് നേപ്പാൾ വിദേശകാര്യ സെക്രട്ടറി ശ്രീമതി സേവ ലംസാലുമായി കൂടിക്കാഴ്ച നടത്തി. വിദേശകാര്യ മന്ത്രാലയവും പുനെ ഇന്റർനാഷണൽ സെന്ററും സംയുക്തമായി 2024 ഫെബ്രുവരി 28-ന് പുനെയിൽ സംഘടിപ്പിച്ചിട്ടുള്ള എട്ടാമത് ഏഷ്യ ഇക്കോണമിക്ക് ഡയലോഗിൽ പങ്കെടുക്കാനാണ് നേപ്പാൾ വിദേശകാര്യ സെക്രട്ടറി ഇന്ത്യയിൽ എത്തിയിട്ടുള്ളത്. ചുമതല ഏറ്റെടുത്ത ശേഷം ശ്രീമതി ലംസാൽ നടത്തുന്ന ആദ്യത്തെ ഇന്ത്യ സന്ദർശനമാണിത്.

2. കൂടിക്കാഴ്ചയിൽ ഇരു വിദേശകാര്യ സെക്രട്ടറിമാരും വിവിധ മേഖലകളിലെ ഇന്ത്യയും നേപ്പാളും തമ്മിലുള്ള സഹകരണം ചർച്ച ചെയ്തു. വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറും നേപ്പാൾ വിദേശകാര്യ മന്ത്രി ശ്രീ. എൻ. പി. സൗദും അധ്യക്ഷത വഹിച്ച, കഴിഞ്ഞ മാസം കാഠ്മണ്ഠുവിൽ വച്ചുനടന്ന ഏഴാമത് ഇന്ത്യ-നേപ്പാൾ സംയുക്ത കമ്മീഷൻ യോഗ തീരുമാനങ്ങളുടെ പുരോഗതി ഇരു വിദേശകാര്യ സെക്രട്ടറിമാരും വിലയിരുത്തി.

3. ഇരുരാജ്യങ്ങളും തമ്മിലുള്ള പതിവ് ഉന്നതതല ആശയവിനിമയങ്ങളുടെ പാരമ്പര്യത്തിനും 'അയൽപക്കത്തിന് ആദ്യം' എന്ന നയത്തിന് കീഴിൽ നേപ്പാളുമായുള്ള ബന്ധത്തിന് ഇന്ത്യ നൽകുന്ന മുൻഗണനയ്ക്കും അനുസൃതമായ സന്ദർശനം ഉഭയകക്ഷി ബന്ധം കൂടുതൽ മെച്ചപ്പെടുത്താനുള്ള അവസരം നൽകുന്നു.

**ന്യൂഡൽഹി**
**ഫെബ്രുവരി 28, 2024**